"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം ജയിൽ
വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 06-07-2022

നം E3-30169/2019/PrHQ

പ്രേഷകൻ

**ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസ്സസ്.**

സ്വീകർത്താവ്

**എല്ലാ ജയിൽസ്ഥാപന മേധാവികൾക്കും,**

സർ,

വിഷയം : ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം, ജീവനക്കാര്യവിഭാഗം - വനിതാ വിഭാഗം ജീവനക്കാർക്ക് മൂന്നാം സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നത് - സംബന്ധിച്ച് :-

സൂചന : 22/06/2022 തീയതിയിലെ നമ്പർ ബി3/103/2020/ആഭ്യന്തരം എന്ന സർക്കാർ കത്ത്

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു.

വകുപ്പിലെ വനിതാ വിഭാഗം ജീവനക്കാർക്ക് 22 വർഷ സേവനം പൂർത്തിയാകുന്ന മുറക്ക്; അസി. സൂപ്രണ്ട് ഗ്രേഡ് I തസ്തികയുടെ ശമ്പള സ്കെയിലായ 43,400 - 91,200 ൽ പരിഷ്കരിച്ച ശേഷം, ശമ്പള പരിഷ്കരണ ഉത്തരവിലെ അനക്സർ VI ഖണ്ഡിക 7 പ്രകാരം 55,200 - 1,15,300/- രൂപ ശമ്പള സ്കെയിലിൽ KSR Part I 28 A നിർണയാനുകൂല്യത്തോടെ മൂന്നാം സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കാവുന്നതാണ് എന്ന വിവരം സൂചന പ്രകാരം സർക്കാരിൽ നിന്നും അറിയിച്ചിരിക്കുന്നു.

സർക്കാർ കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. അർഹരായ ജീവനക്കാർക്ക് ഹയർഗ്രേഡ് അനുവദിക്കുന്നതിനായി സ്ഥാപനമേധാവി മേലൊപ്പ് രേഖപ്പെടുത്തിയ ഡിക്ലറേഷൻ, സേവന പുസ്തകം എന്നിവ സഹിതം വിശദമായ പ്രൊപ്പോസൽ ജയിലാസ്ഥാനകാര്യാലയത്തിലേക്ക് ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**വിനോദ് കുമാർ എം കെ**
**ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)**
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ
സർവീസസ്സ് വേണ്ടി

പകർപ്പ് :
1. ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ജീവനക്കാർക്കും.
2. ടെക്നിക്കൽ സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

I/5322801/2022

16231/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ആഭ്യന്തര (ബി) വകുപ്പ്

നമ്പർ.ബി3/103/2020/ആഭ്യന്തരം

22-06-2022,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ്& കറക്ഷണൽ സർവ്വീസസ്,

തിരുവനന്തപുരം

സർ,

വിഷയം:- ആഭ്യന്തരം - ജയിലുകൾ - വനിത എക്സിക്യൂട്ടീവ് ജീവനക്കാർക്ക് മൂന്നാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന:- താങ്കളുടെ 06.11.2021-ലെ E3-30169/2019/PrHQ നമ്പർ കത്ത്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സമയബന്ധിത ഹയർ ഗ്രേഡുമായി ബന്ധപ്പെട്ട നിലവിലെ ചട്ടങ്ങൾ പ്രകാരം, ഗസറ്റഡ് തസ്തികയിലെ ശമ്പള സ്കെയിലിൽ യോഗ്യരായ ജീവനക്കാർക്ക് സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് തടസമില്ല. ഗസറ്റഡ് തസ്തികയുടെ ശമ്പള സ്കെയിലിൽ സമയബന്ധിത ഹയർ ഗ്രേഡ് ലഭിക്കുന്ന ഉദ്യോഗസ്ഥൻ ഗസറ്റഡ് ഉദ്യോഗസ്ഥനാകുന്നില്ല. ആയതിനാൽ 13.10.1997 പ്രാബല്യത്തിൽ ഫീമെയിൽ വാർഡൻ തസ്തികയിൽ പ്രവേശിച്ച ശ്രീമതി എസ്. സുധയുടെ 2019 ശമ്പള പരിഷ്കരണം 10.02.2021- ലെ ജി.ഒ.(പി) നം. 27/2021/ഫിൻ സർക്കാർ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയുടെ ശമ്പള സ്കെയിലായ 43400-91200 - ൽ പരിഷ്കരിച്ച ശേഷം ടി സർക്കാർ ഉത്തരവിലെ അനക്സ്ചർ V I ഖണ്ഡിക 7 പ്രകാരം ടിയാൾ 2 2 വർഷത്തെ സേവനം പൂർത്തിയാക്കിയ മുറയ്ക്ക് ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയുടെ ശമ്പള സ്കെയിലായ 55200-115300 ൽ KSR Part I 28A നിർണയാനുകൂല്യത്തോടെ മൂന്നാം സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച് നൽകാവുന്നതാണ്. അതോടൊപ്പം ഫീമെയിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് 27 വർഷത്തെ സേവനം പൂർത്തിയാക്കുന്ന മുറയ്ക്ക് നാലാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്ന വേളയിൽ ടി സർക്കാർ ഉത്തരവിലെ അനക്സർ VI ഖണ്ഡിക 8, 15 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ടേബിൾ സ്കെയിലുകൾക്ക് മാത്രമെ അർഹതയുള്ളു എന്നും പ്രൊമോഷൻ തസ്തികയുടെ ശമ്പള സ്കെയിലിൽ ഗ്രേഡ് അനുവദിക്കുന്നതിന് വ്യവസ്ഥയില്ല എന്നും അറിയിക്കുന്നു. കൂടാതെ ജയിൽ വകുപ്പ് മേധാവി തയ്യാറാക്കിയ ഫിക്സേഷൻ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ശ്രീമതി സുധയ്ക്ക് മേട്രൺ ഗ്രേഡ് I തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച വേളയിൽ ശമ്പളം നിർണ്ണയിച്ചതിന്റെയും തുടർന്ന്2009 ശമ്പള പരിഷ്കരണം നടത്തിയതിന്റെയും ഫിക്സേഷൻ സ്റ്റേറ്റ്മെന്റുകൾ സേവനപുസ്തകത്തിൽ പതിപ്പിക്കേണ്ടതാണെന്നും അറിയിക്കുന്നു.

E3
23/6/22

ശ്രീമതി.സുധയുടെ സേവനപുസ്തകം ഇതോടൊപ്പം തിരികെ നൽകുന്നു. ആയത് കൈപ്പറ്റിയ വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
SNEHALATHA K
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signed by Jijimon.r
Date: 22-06-2022 17:56:47
സെക്ഷൻ ഓഫീസർ.